REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 30-03-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് ഇനി ഒൻപത് ദിവസം. മൂന്ന് മുന്നണികളുടെയും പ്രമുഖ നേതാക്കൾ പ്രചാരണ രംഗത്ത്.**
- **കേരളം കടകെണിയിൽ എന്നത് രാഷ്ട്രീയ പ്രേരിത ആരോപണം മാത്രമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്തിന്റെ യഥാർത്ഥ വികസനത്തെ കുറിച്ച് ചർച്ച ചെയ്യാനാണ് താൽപര്യമെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ.**
- **ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി UDF തെരഞ്ഞെടുപ്പ് പ്രചാരണത്തിന് അല്പസമയത്തിനകം പത്തനംതിട്ടയിലെത്തും.**
- **തമിഴ്നാട് നിയമസഭാ തിരഞ്ഞെടുപ്പിനും, പശ്ചിമ ബംഗാളിലെ ഒന്നാം ഘട്ട തെരഞ്ഞെടുപ്പിനും വിജ്ഞാപനം പുറപ്പെടുവിച്ചു.**
- **94,000 ടൺ LPG-യുമായി രണ്ട് ഇന്ത്യൻ കപ്പലുകൾ കൂടി ഹോർമുസ് കടലിടുക്ക് കടന്നു.**

## വാർത്തകൾ വിശദമായി

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് ഇനി ഒൻപത് ദിവസം മാത്രം. മുന്നണികളും സ്ഥാനാർത്ഥികളും വോട്ടർമാരെ നേരിൽ കണ്ടു വോട്ടു തേടാൻ പ്രചാരണരംഗത്ത് കൂടുതൽ സജീവമായി.

സംസ്ഥാന ദേശീയ നേതാക്കൾ ഓരോ മണ്ഡലങ്ങളിലും സ്ഥാനാർഥികൾക്കായി വോട്ടഭ്യർത്ഥിക്കുന്ന തിരക്കിട്ട പ്രചാരണത്തിലാണ്.

രണ്ടു ദിവസം കഴിയുന്നതോടെ സംസ്ഥാനമെങ്ങും ബൂത്തുതലത്തിൽ പ്രവർത്തകർ വീട് കയറി ചിഹ്നങ്ങൾ പരിചയപ്പെടുത്താനും അഭ്യർത്ഥന കത്തുകൾ വിതരണം ചെയ്യാനും തുടങ്ങും.

✪✪✪

കേരളം കടക്കെണിയിൽ എന്നത് രാഷ്ട്രീയ പ്രേരിതമായ ആരോപണം മാത്രമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊല്ലത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സ്വന്തം വരുമാനശേഷി ശക്തിപ്പെടുത്തിയ സംസ്ഥാനമാണ് കേരളമെന്നും ഈ സാഹചര്യത്തിലും ചിലർ കേരളം കടക്കെണിയിൽ ആണെന്ന് പ്രചരിപ്പിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

മുഖ്യമന്ത്രി ഇന്ന് കൊല്ലം ജില്ലയിലെ നാല് നിയോജകമണ്ഡലങ്ങളിൽ LDF സ്ഥാനാർത്ഥികളുടെ പൊതുയോഗങ്ങൾ ഉദ്ഘാടനം ചെയ്യും. ചവറ ഇടപ്പള്ളിക്കോട്ട, വൈകിട്ട് അഞ്ചാലുമ്മൂട്, കൊട്ടാരക്കര, കടയ്ക്കൽ എന്നിവിടങ്ങളിൽ മുഖ്യമന്ത്രി പൊതുയോഗങ്ങളിൽ പങ്കെടുക്കും.

CPIM ജനറൽ സെക്രട്ടറി MA ബേബി ഇന്ന് കോഴിക്കോട് ജില്ലയിലെ മണ്ഡലങ്ങളിൽ LDF തെരഞ്ഞെടുപ്പ് പരിപാടികളിൽ സംബന്ധിക്കും. രാവിലെ കുറ്റ്യാടി മണ്ഡലത്തിലെ കുട്ടോത്ത് നിന്നും ആരംഭിക്കുന്ന തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടി പയ്യോളിയിൽ സമാപിക്കും.

✪✪✪

സംസ്ഥാനത്തിന്റെ യഥാർത്ഥ വികസനത്തെ കുറിച്ച് ചർച്ച ചെയ്യാനാണ് B.J.P-യ്ക്ക് താൽപര്യമെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. എന്നാൽ മുഖ്യമന്ത്രി ഇക്കാര്യത്തിൽ ചർച്ചയ്ക്ക് തയ്യാറായില്ലെന്ന് അദ്ദേഹം ചാനൽ അഭിമുഖത്തിൽ പറഞ്ഞു. സംസ്ഥാനത്ത് ജനങ്ങൾ മാറ്റം ആഗ്രഹിക്കുന്നുണ്ടെന്നും അതിനാൽ B.J.P-യ്ക്ക് അനുകൂലമായ സാഹചര്യമാണ് നിലനിൽക്കുന്നതെന്നും രാജീവ് ചന്ദ്രശേഖർ അവകാശപ്പെട്ടു.

✪✪✪

തിരഞ്ഞെടുപ്പ് സംവാദത്തിന് തയ്യാറാണെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവനയെ പ്രതിപക്ഷ നേതാവ് VD സതീശൻ സ്വാഗതം ചെയ്തു. സമയവും സ്ഥലവും തീരുമാനിച്ചാൽ സംവാദത്തിനു തയ്യാറാണെന്ന് പ്രതിപക്ഷ നേതാവ് മറുപടി നൽകി.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി UDF തെരഞ്ഞെടുപ്പ് പ്രചാരണത്തിന് അല്പസമയത്തിനകം കേരളത്തിലെത്തും. പത്തനംതിട്ട അടൂരിൽ ഹെലികോപ്ടറിലെത്തുന്ന രാഹുൽ ഗാന്ധി, KSRTC ജംഗ്ഷനിൽ അടൂർ മണ്ഡലം UDF സമ്മേളനം ഉദ്ഘാടനം ചെയ്യും. തുടർന്ന് പത്തനംതിട്ടയിൽ ആറൻമുള, കോന്നി, റാന്നി, തിരുവല്ല മണ്ഡലങ്ങളുടെ സംയുക്ത യോഗത്തിലും പങ്കെടുക്കും. തുടർന്ന് പ്രമാടം ഹെലിപ്പാഡിൽ നിന്ന് കോട്ടയത്തേക്ക് പോകും.

വൈകിട്ട് പാമ്പാടി, കഞ്ഞിക്കുഴി, അതിരമ്പുഴ എന്നിവിടങ്ങളിലെ പൊതുസമ്മേളനങ്ങളിൽ പങ്കുചേരും. തുടർന്ന് കൊച്ചി വഴി ഡൽഹിയിലേക്ക് മടങ്ങും. കണ്ണൂർ ജില്ലയിലെ രാഹുൽ ഗാന്ധിയുടെ തിരഞ്ഞെടുപ്പ് പര്യടനം നാളെ ആരംഭിക്കുമെന്ന് DCC അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് വോട്ടർമാരുടെ വീട്ടിലെത്തി വോട്ടിംഗ് സൗകര്യമൊരുക്കുന്ന ഹോം വോട്ടിംഗിന് തുടക്കമായി. ഇന്നലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ, ജില്ലാകലക്ടർമാരുമായി ഹോം വോട്ടിംഗിന്റെ ഒരുക്കങ്ങൾ ഓൺലൈനിൽ വിലയിരുത്തി. രാഷ്ട്രീയ പാർട്ടികളുമായും അദ്ദേഹം കൂടിയാലോചന നടത്തി.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ തീരദേശ മേഖലയിലെ പോളിംഗ് ശതമാനം ഉയർത്താൻ ബേപ്പൂർ, മാറാട് ബീച്ചിൽ സ്വീപ്പിന്റെ ആഭിമുഖ്യത്തിൽ കൂട്ടയോട്ടവും മുഖാമുഖവും സംഘടിപ്പിച്ചു. സ്വീപ്പ് ജില്ലാ നോഡൽ ഓഫീസറായ കോഴിക്കോട് അസിസ്റ്റന്റ് കലക്ടർ ഡോ.മോഹനപ്രിയ കൂട്ടയോട്ടം ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

കണ്ണൂർ നിയോജക മണ്ഡലം N.D.A സ്ഥാനാർത്ഥി C.രഘുനാഥിന്റെ തെരഞ്ഞെടുപ്പ് പ്രചരണാർത്ഥം വൈകിട്ട് കണ്ണൂരിൽ യുവസംഗമം സംഘടിപ്പിക്കും. യുവമോർച്ച സംസ്ഥാന സെക്രട്ടറി അദീന ഭാരതി ഉദ്ഘാടനം ചെയ്യും.

✪✪✪

മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ സാമൂഹ്യമാധ്യമ ഉപയോഗത്തിൽ ജാഗ്രത പാലിക്കണമെന്ന് കേരള പോലീസ് നിർദ്ദേശം നൽകി. ഗ്രൂപ്പുകളിലെ മെസ്സേജുകൾ, ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ അഡ്മിൻമാർ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കണം.

നിർമ്മിത ബുദ്ധി ഉപയോഗിച്ച് തയ്യാറാക്കിയ രാഷ്ട്രീയ വിഡിയോകൾ "AI-Generated" ലേബൽ ഇല്ലാതെ പങ്കുവെച്ചാൽ നിയമ നടപടി നേരിടേണ്ടി വരുമെന്ന് പൊലീസ് മുന്നറിയിപ്പ് നൽകി.

✪✪✪

തമിഴ്നാട് നിയമസഭാ തിരഞ്ഞെടുപ്പിനും, പശ്ചിമ ബംഗാളിലെ ഒന്നാം ഘട്ട തെരഞ്ഞെടുപ്പിനും വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതോടെ നാമനിർദ്ദേശ പത്രിക സമർപ്പണം ആരംഭിച്ചു. തമിഴ്നാട്ടിലെ 234 മണ്ഡലങ്ങളിലും ഏപ്രിൽ 23-ന് ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. പശ്ചിമബംഗാളിൽ 152 മണ്ഡലങ്ങളിലേക്കാണ് 23-ന് വോട്ടെടുപ്പ്.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ തമിഴ്നാട്ടിലും ചൂടുപിടിച്ച പ്രചാരണം തുടങ്ങി. മുഖ്യമന്ത്രി MK സ്റ്റാലിന്റെ നേതൃത്വത്തിൽ DMK മുന്നണിയും, BJPയും AI ADMK-യും നേതൃത്വം നൽകുന്ന NDA-യും, നടൻ വിജയ് യുടെ തമിഴ് വെട്രികഴകവും തമ്മിലാണ് തമിഴ്നാട്ടിലെ പ്രധാന മത്സരം.

വോട്ടർമാരുടെ മനസ് കീഴടക്കാൻതക്ക വാഗ്ദാനങ്ങളുമായാണ് മൂന്ന് മുന്നണികളും പ്രചാരണം നടത്തുന്നത്. അഞ്ചാം ക്ലാസ് വരെ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന പ്രഭാത ഭക്ഷണ പദ്ധതി എട്ടാം ക്ലാസ് വരെ വ്യാപിപ്പിക്കാനും ഗൃഹോപകരണങ്ങൾ വാങ്ങാൻ 8,000 രൂപയുടെ കൂപ്പൺ നൽകാനുമാണ് DMK യുടെ തീരുമാനം.

അമ്മ ഇല്ലം പദ്ധതിയിലൂടെ എല്ലാ ഭവനരഹിതർക്കും വീടെന്നതാണ് AI ADMK യുടെ വാഗ്ദാനം. PHD വരെ പഠനത്തിന് 20 ലക്ഷം രൂപ വരെ ഈടില്ലാ വായ്പയടക്കം പുതുതലമുറയ്ക്ക് ഒട്ടേറെ വാഗ്ദാനങ്ങൾ നൽകിയാണ് TVK തെരഞ്ഞെടുപ്പിനെ നേരിടാനൊരുങ്ങുന്നത്.

✪✪✪

സ്വാതന്ത്ര്യസമര സേനാനി ശ്യാംജി കൃഷ്ണ വർമ്മയുടെ ചരമവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആദരാഞ്ജലി അർപ്പിച്ചു. വിപ്ലവകരമായ ആശയങ്ങളിലൂടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ഒരു പുതിയ അവബോധം ഉണർത്തിയ വ്യക്തിയാണ് ശ്യാംജി കൃഷ്ണവർമ്മയെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് നമോ ആപ്പ് വഴി 'മേരാ ബൂത്ത് സബ്സെ മസ്ബൂത്ത് സംവാദ്' പരിപാടിയിൽ അസമിലെയും പുതുച്ചേരിയിലെയും

ജനങ്ങളെ അഭിസംബോധന ചെയ്യും. NDA ഗവണ്മെന്റിന്റെ നേതൃത്വത്തിൽ അസമിലും പുതുച്ചേരിയിലും കൈവരിച്ച വികസന പ്രവർത്തനങ്ങൾ പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

94,000 ടൺ LPG-യുമായി രണ്ട് ഇന്ത്യൻ കപ്പലുകൾ കൂടി ഹോർമുസ് കടലിടുക്ക് കടന്നു. BW TYR കപ്പൽ നാളെ മുംബൈ തീരത്തും, BW ELM കപ്പൽ ഏപ്രിൽ ഒന്നിന് മംഗളുരുവിലും എത്തുമെന്ന് പ്രതീക്ഷിക്കുന്നു. നേരത്തെ നാലു LPG ടാങ്കറുകൾ ഹോർമൂസ് വഴി ഇന്ത്യൻ തീരത്തെത്തിയിരുന്നു.

✪✪✪

ഇറാനെ അനുകൂലിച്ചു യെമൻ ഹൂതികൾ ഇസ്രയേലിനെതിരെ ആക്രമണം തുടങ്ങിയതോടെ ബ്രെന്റ് ക്രൂഡിന്റെ വില 2.7 ശതമാനം ഉയർന്ന് 115.66 യുഎസ് ഡോളറിലെത്തി. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് ഈ മാസം ആഗോളതലത്തിൽ ക്രൂഡ് ഓയിലിന്റെ വില 59 ശതമാനം ഉയർന്നിരുന്നു. 1990-ലെ ഗൾഫ് യുദ്ധത്തിന് ശേഷം ആദ്യമാണ് ഇത്തരത്തിലൊരു വർധന.

✪✪✪

ഇറാന്റെ ആക്രമണത്തിൽ കുവൈത്തിൽ ഒരു ഇന്ത്യൻ തൊഴിലാളി കൊല്ലപ്പെട്ടതായി കുവൈത്ത് അറിയിച്ചു. വൈദ്യുതി ജലശുദ്ധീകരണ പ്ലാന്റുകളിലെ സർവീസ് കെട്ടിടത്തിനു നേരെയായിരുന്നു ഇറാന്റെ ആക്രമണം.

ഇന്ത്യക്കാരൻ മരിച്ച സംഭവത്തിൽ കുവൈത്തിലെ ഇന്ത്യൻ എംബസി അനുശോചനം അറിയിച്ചു. കുവൈത്ത് അധികൃതരുമായി ബന്ധപ്പെട്ട് സാധ്യമായ എല്ലാ പിന്തുണയും സഹായവും എംബസി ലഭ്യമാക്കുന്നുണ്ടെന്ന് അധികൃതർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

രാജ്യത്തെ ബാങ്കുകൾ ഉപഭോക്താക്കളുടെ ഡാറ്റയുടെ സുരക്ഷയും രഹസ്യസ്വഭാവവും ഉറപ്പാക്കുന്നതിന് കർശനമായ നിയമ, നിയന്ത്രണ ചട്ടക്കൂടിന് കീഴിലാണ് പ്രവർത്തിക്കുന്നതെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. നോ യുവർ കസ്റ്റമർ ആധാരമാക്കി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ എല്ലാ ബാങ്കുകളും ബാധ്യസ്ഥരാണെന്നും ധനമന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് SSLC പരീക്ഷ അവസാനിച്ചു. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷകൾ ശനിയാഴ്ച പൂർത്തിയായിരുന്നു. ഒന്നു മുതൽ ഒൻപത് വരെ ക്ലാസുകളിലെ പരീക്ഷകൾ നാളെ സമാപിക്കും.

SSLC ഫലപ്രഖ്യാപനം മെയ് മൂന്നാം വാരത്തിൽ ഉണ്ടാകും. മൂല്യനിർണയം ഏപ്രിൽ 16ന് തുടങ്ങും. ഹയർസെക്കണ്ടറി പരീക്ഷാ ഫലം മെയ് 22ന് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

✪✪✪

മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്കെതിരെ അപകീർത്തിപരമായ വ്യാജപ്രചാരണം നടത്തിയെന്ന കേസിൽ പ്രതി മുഹമ്മദ് റോഷൻ അങ്ങാടിപ്പുറത്ത് നിന്ന് പൊലീസ് പിടിയിലായി. വ്യാജ ദൃശ്യങ്ങളും വീഡിയോകളും കാണിച്ച് 15 കോടി രൂപ വേണമെന്ന് പ്രതി ആവശ്യപ്പെട്ടെന്നായിരുന്നു പരാതി. കാപ്പ കേസ് പ്രതി കൂടിയായ ഇയാൾ ഒളിവിലായിരുന്നു. നേരത്തെ മുസ്ലിം ലീഗിന്റെ പരാതിയിൽ മലപ്പുറം സൈബർ പോലിസ് അന്വേഷണം ആരംഭിച്ചിരുന്നു.

✪✪✪

കേരളത്തിൽ പലയിടത്തും ഇന്ന് ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചില ജില്ലകളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ഉയർന്ന ചൂട് തുടരുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിൽ 15 സ്വർണ്ണവുമായി കർണാടക മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു. ഒമ്പത് സ്വർണവുമായി ഒഡീഷ രണ്ടാം സ്ഥാനത്തും, അഞ്ച് സ്വർണവുമായി അരുണാചൽപ്രദേശ് മൂന്നാം സ്ഥാനത്തുമാണ്.

✪✪✪

ഏഷ്യൻ ബോക്സിങ് ചാമ്പ്യൻഷിപ്പിന് മംഗോളിയയിലെ ഉലാൻബത്തറിൽ തുടക്കമായി. കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, ഉസ്ബെക്കിസ്ഥാനിലെ ലോക ബോക്സിംഗ് കപ്പ് ഫൈനൽ എന്നിവയ്ക്ക് മുന്നോടിയായാണ് ഏഷ്യൻ ബോക്സിങ് ചാമ്പ്യൻഷിപ്പ്.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*News team : അനിൽ ചന്ദ്രൻ, മണികണ്ഠൻ*
*DEO: സി കെ സുബോധ്*